DCKSGD/3419/2020-K1

കളക്ടറേറ്റ്, കാസറഗോഡ്
തീയതി : 14/05/2021

**14/05/2021 ന് ഉച്ചയ്ക്ക് 12 മണിക്ക് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ & ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് മുഖാന്തിരം ചേർന്ന DDMA യോഗത്തിന്റെ നടപടിക്കുറിപ്പ്**

യോഗത്തിൽ താഴെ പറയുന്നവർ പങ്കെടുത്തു.

1. ശ്രീമതി. ബേബി ബാലകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, കാസറഗോഡ്
2. ശ്രീ.രാജീവ്.പി.ബി, ഐ പി എസ്, ജില്ലാ പോലീസ് മേധാവി, കാസറഗോഡ്
3. ശ്രീ.അതുൽ എസ് നാഥ്, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, കാസറഗോഡ്
4. ജില്ലാ മെഡിക്കൽ ഓഫീസർ, കാസറഗോഡ്
5. ശ്രീ.പി.വി, സതീശൻ , ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്
6. ശ്രീമതി. പുഷ്പ.കെ.വി, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കാസറഗോഡ്

ജില്ലാ കലക്ടർ ഡോ. ഡി.സജിത് ബാബു, ഐഎഎസ് എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. സർക്കാർ 15/05/2021 (ശനിയാഴ്ച) ന് കാസറഗോഡ് ജില്ലയിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ടെന്നും പ്രസ്തുത ദിവസവും 16, 17, 18, തീയ്യതികളിലും ജില്ലയിൽ ശക്തമായ കാറ്റും മഴയും ഉണ്ടാകാൻ സാധ്യതയുണ്ടെന്നും മഞ്ചേശ്വരം താലൂക്കിലെ മുസോടി കടപ്പുറം, കാസറഗോഡ് താലൂക്കിലെ ചേരങ്കൈ, കാപ്പിൽ ബീച്ച്, ഹൊസ്ദുർഗ് താലൂക്കിലെ തൈക്കടപ്പുറം, ചിത്താരി കടപ്പുറം, തൃക്കരിപ്പൂർ കടപ്പുറം എന്നീ പ്രദേശങ്ങളിൽ 2.4 മീറ്റർ ഉയരത്തിൽ തിരമാലകൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും ജില്ലാ കലക്ടർ ആമുഖത്തിൽ പറഞ്ഞു. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തനിവാരണം എങ്ങിനെയായിരിക്കണമെന്നും സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങൾ ചർച്ച ചെയ്യുന്നതിനും വേണ്ടിയാണ് അടിയന്തിരമായി യോഗം വിളിച്ചു ചേർത്തതെന്നും ജില്ലാ കലക്ടർ അറിയിച്ചു.

തുടർന്ന് യോഗത്തിൽ പങ്കെടുത്തവർ അഭിപ്രായം രേഖപ്പെടുത്തുകയും സ്വീകരിച്ച മുന്നൊരുക്കങ്ങൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

**തീരുമാനങ്ങൾ :**

1.ജില്ലയിലെ 5 ഫയർ & റസ്ക്യു സർവ്വീസ് ഓഫീസികളിലായുള്ള 149 വളണ്ടിയർമാരെയും അലർട്ട് ചെയ്യുവാൻ തീരുമാനിച്ചു (നടപടി : ജില്ലാ ഓഫീസർ, ഫയർ & റസ്ക്യു സർവ്വീസ്)

2.മുസോടി കടപ്പുറത്ത് കടൽക്ഷോഭം ഉണ്ടാകുന്നപക്ഷം ടി പ്രദേശത്തെ കോവിഡ് ബാധിതരെ Domiciliary Covid Care Centre ക്കും മറ്റുള്ളവരെ കുമ്പള, പുത്തിഗെ എന്നീ സ്ഥലങ്ങളിലുള്ള Cyclone Shelter ലേക്കും മാറ്റിപാർപ്പിക്കുവാനും ടി Cyclone Shelter ൽ വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമല്ലായെങ്കിൽ ആയത് ഏർപ്പെടുത്തുവാനും തീരുമാനിച്ചു (നടപടി : തഹസിൽദാർ, മഞ്ചേശ്വരം, ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർ)

3.ചേരങ്കൈ, കാപ്പിൽ ബീച്ച്, വലിയകടപ്പുറം, ചിത്താരി കടപ്പുറം, തൃക്കരിപ്പൂർ കടപ്പുറം എന്നീ പ്രദേശങ്ങളിൽ കടൽക്ഷോഭം ഉണ്ടാകുന്നപക്ഷം ടി പ്രദേശത്തെ കോവിഡ് ബാധിതരെ Domiciliary Covid Care Centre ക്കും മറ്റുള്ളവരെ റവന്യൂ ഉദ്യോഗസ്ഥർ കണ്ടെത്തുന്ന സ്ഥലത്തേക്കും മാറ്റിപാർപ്പിക്കുവാൻ തീരുമാനിച്ചു (നടപടി : തഹസിൽദാർ, കാസറഗോഡ്, ഹൊസ്ദുർഗ്)

4.മേൽ പ്രദേശങ്ങളിൽ പോലീസ് പെട്രോളിംഗ് നടത്തുവാനും ആവശ്യമുള്ളപക്ഷം lighting സജ്ജമാക്കുവാനും തീരുമാനിച്ചു (നടപടി : ജില്ലാ പോലീസ് മേധാവി)

5.Rescue Boat കളും രക്ഷാപ്രവർത്തകരുടെ വിവരവും തയ്യാറാക്കുവാനും മേൽ ദിവസങ്ങളിൽ മത്സ്യതൊഴിലാളികൾ കടലിൽ പോകുന്നില്ലെന്നും ഉറപ്പു വരുത്തുവാനും തീരുമാനിച്ചു (നടപടി : ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ)

6.അവധിയിൽ പ്രവേശിച്ച മുഴുവൻ തീരദേശ പോലീസ് ജീവനക്കാരും അടിയന്തിരമായി ഡ്യൂട്ടിയിൽ പ്രവേശിക്കേണ്ടതും ടി ജീവനക്കാർക്ക് 19/05/2021 വരെ അവധി നൽകുവാൻ പാടില്ലാത്തതുമാണ് (നടപടി : ജില്ലാ പോലീസ് മേധാവി)

7.അവധിയിൽ പ്രവേശിച്ച മുഴുവൻ റവന്യൂ ജീവനക്കാരും അടിയന്തിരമായി ഡ്യൂട്ടിയിൽ പ്രവേശിക്കേണ്ടതും ടി ജീവനക്കാർക്ക് 19/05/2021 വരെ അവധി നൽകുവാൻ പാടില്ലാത്തതുമാണ്. (നടപടി : അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്)

8.ആളൂർ മേഖലയിൽ വൈദ്യുതി ലൈനിനും മറ്റും ഭീഷണിയായി നിൽക്കുന്ന മുഴുവൻ മരങ്ങളുടെയും ശിഖരങ്ങൾ വനം വകുപ്പിന്റെ സാന്നിദ്ധ്യത്തിൽ അടിയന്തിരമായി മുറിച്ചു മാറ്റുവാൻ തീരുമാനിച്ചു ( (നടപടി : ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെഎസ്ഇ ബി, കാസറഗോഡ്)

9.ജില്ലയിലെ 4 താലൂക്കുകളിലും 24 x 7 കൺട്രോൾ റൂം തുറന്നു പ്രവർത്തിക്കുവാനും മഴയുടെ തോത് കലക്ടറേറ്റ് കൺട്രോൾ റൂമിൽ റിപ്പോർട്ട് ചെയ്യുവാനും തീരുമാനിച്ചു (നടപടി : തഹസിൽദാർ, വെള്ളരിക്കുണ്ട്, ഹൊസ്ദുർഗ്, കാസറഗോഡ്, മഞ്ചേശ്വരം)

10.ജില്ലയിലെ നാല് താലൂക്കുകളിലെയും സ്ഥിതിഗതികൾ വിലയിരുത്തുവാനും ബന്ധപ്പെട്ട തഹസിൽദാർമാർക്ക് ആവശ്യമായ നിർദ്ദേഷങ്ങൾ യഥാസമയം നൽകുവാനും തീരുമാനിച്ചു (നടപടി : സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, കാഞ്ഞങ്ങാട് / കാസറഗോഡ്)

11.കടൽഭിത്തി കെട്ടുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് അനുമതി നൽകിയ വിഷയത്തിൽ മേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും പുരോഗതി റിപ്പോർട്ട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു (നടപടി : അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്)

യോഗം 12.30 മണിക്ക് അവസാനിച്ചു.

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ &
ജില്ലാ കലക്ടർ, കാസറഗോഡ്

പകർപ്പ് : 1. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, കാസറഗോഡ്

2.ജില്ലാ പോലീസ് മേധാവി, കാസറഗോഡ്

3.സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, കാഞ്ഞങ്ങാട് / കാസറഗോഡ്

4.ജില്ലാ മെഡിക്കൽ ഓഫീസർ, കാസറഗോഡ്

5.ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്

6.ജില്ലാ ഓഫീസർ, ഫയർ & റസ്ക്യൂ സർവ്വീസ്, കാസറഗോഡ്

7.ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെഎസ്ഇ ബി, കാസറഗോഡ്)

8.തഹസിൽദാർ, വെള്ളരിക്കുണ്ട്, ഹൊസ്ദുർഗ്, കാസറഗോഡ്, മഞ്ചേശ്വരം

Collectorate, Kasaragod
Dated:**11/06/2021**

From

District Collector,
Kasaragod

To

All Departments

Sir,

Sub: Sub: Monsoon preparedness 2021- reg:

Ref: Orange Book of Disaster Management 2021

This is in continuation of the monsoon preparedness meeting convened by the District Disaster Management Authority on 14.05.2021 to review the preparedness measures towards Southwest monsoon 2021 in the district. The Kerala State Disaster Management Authority released the updated edition of Orange Book of Disaster Management 2021 by the last week of May 2021. In the above circumstances the following orders are issued.

- All departments should download the latest version of Orange Book of Disaster Management – 2021 and follow the instructions given there for each department scrupulously. The latest version of Orange book can be downloaded from the following link. https://sdma.kerala.gov.in/wp-content/uploads/2021/05/orangebook_2021.pdf.

(Orange Book and other guidelines issued by KSDMA is available under the **Publications- Guidelines** tab in KSDMA website. https://sdma.kerala.gov.in/ )

- All departments should nominate a nodal officer for monsoon preparedness and response activities and inform their details with contact numbers, within two days of receipt of this letter.
- District level and Taluk level Incident Response System (IRS) in the district have been updated and the proceedings is attached as Annexure herewith for information and necessary action.

Yours faithfully,

Signature Not Verified
Digitally signed by ATHUL S NATH
Date: 2021.06.11 13:36:25 IST
Reason: Approved

**DEPUTY COLLECTOR**
**For District Collector**